"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം A2/149/2022-IandPRD-
ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-02-2023

## സർക്കുലർ

വിഷയം:- ഐ&പിആർഡി-സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത്-മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന:- വകുപ്പ് ഡയറക്ടറുമായി അഡീഷണൽ ഡയറക്ടർമാരുടെ സാന്നിദ്ധ്യത്തിൽ 06/02/2023 10.30AM-ന് നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് സൂചന പ്രകാരം ഡയറക്ടർ നിർദ്ദേശിച്ചു.വകുപ്പിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

വകുപ്പിന്റെ പ്രത്യേകത പരിഗണിച്ച് പഞ്ചിംഗ് ഡാറ്റാ സ്പാർക്കുമായി ബന്ധിപ്പിക്കുന്ന സമയത്ത് അതിൽ നിന്നും ഒഴിവാക്കേണ്ട തസ്തികകൾ കണ്ടെത്തി പട്ടിക തയ്യാറാക്കി നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

വകുപ്പിലെ എല്ലാ ജീവനക്കാരും നിർബന്ധമായും ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഉപയോഗിക്കേണ്ടതാണ്. പഞ്ചിംഗ് സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ള തസ്തികകളിലെ ജീവനക്കാരുടെ ഹാജർ വിവരങ്ങൾ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ കൃത്യമായി നിരീക്ഷിക്കേണ്ടതും ഡോക്യുമെന്റ് ചെയ്യേണ്ടതും അത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് നോഡൽ ഓഫീസർ മുഖേന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

പഞ്ചിംഗ് നടപ്പിലാക്കുന്നതിന് മുന്നോടിയായി വകുപ്പിലെ എല്ലാ ജീവനക്കാർക്കും AMC-യുമായി ബന്ധപ്പെട്ട് 25/02/2023-നകം ഫിംഗർ പ്രിന്റ് enroll ചെയ്യുന്നതിനുള്ള നടപടി നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

SYAM V
DEPUTY SECRETARY

അഡീഷണൽ ഡയറക്ടർ(Gen &Admn/EMD/Prog &Culture)
വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും എല്ലാ ഇൻഫർമേഷൻ

ഓഫീസർമാർക്കും

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

കൾച്ചറൽ ഡവലപ്മെന്റ് ഓഫീസർ,ടാഗോർ തീയേറ്റർ,വഴുതക്കാട്,തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ വിഭാഗം ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ്(ബി) വകുപ്പ്

അറ്റൻഡൻസ് മോണിററിംഗ് സെൽ വകുപ്പ്

പൊതുഭരണ (ഏകോപനം) വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ /ഡയറക്ടറുടെ സി.എയ്ക്ക്

സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Aswathi. S. Poonkavanam
സെക്ഷൻ ഓഫീസർ.
Date: 22-02-2023 16:46:09